ശ്രീ. ആർ. ശങ്കർ : പട്ടികജാതിയിലുള്ളവർക്ക് അങ്ങനെ പൊക്കം കുറവു ണ്ടെന്നു തോന്നുന്നില്ല. പൊക്കം ഉള്ളവരാണ് പോലീസ് ഡിപ്പാർട്ടുമെന്റിലേക്കു ആവശ്യമുള്ളത്.

ഹോംഗാർഡുകൾ

*839. [5] † ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് ഇപ്പോൾ ഉള്ള ആകെ ഹോംഗാർഡുകൾ എത്ര ; ഏതെല്ലാം പരിശീലനങ്ങളാണു് ഹോംഗാർഡുകൾക്കു് ഇപ്പോൾ നൽകുന്നതു് ;

(ബി) ഹോംഗാർഡുകൾ സംഘടിപ്പിക്കുന്നതിനു സംസ്ഥാന ഗവണ്മെന്റു് എത്ര തുക ഇതിനകം ചെലവഴിച്ചിട്ടുണ്ടു് ;

(സി) ഈ തുകയിൽ എന്തെങ്കിലും വിഹിതം കേന്ദ്രഗവണ്മെന്റു് നൽകുന്നുണ്ടോ ;

(ഡി) അടുത്ത വർഷം ഈ ഇനത്തിൽ എത്ര ചെലവു വരും ;

(ഇ) പുതുതായി എന്തെങ്കിലും പരിപാടികൾ ഇക്കാര്യത്തിൽ ആവിഷ്കരിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) സംസ്ഥാനത്തു് ഇപ്പോൾ ആകെ 3984 ഹോംഗാർഡുകൾ ഉണ്ടു്. ഹോംഗാർഡുകൾക്കു് ഇപ്പോൾ നൽകിവരുന്ന പരിശീലനങ്ങളുടെ വിശദവിവരങ്ങളടങ്ങുന്ന ‡ പട്ടിക മേശപ്പുറത്തു് വച്ചിട്ടുണ്ടു്.

(ബി) 18,24,637 രൂപ 93 നയാപൈസ. ഇതു് 31-1-1964 വരെയുള്ള കണക്കാണു്. ഓരോ വർഷവും പിലവായ തുകയുടെ ‡ പട്ടിക മേശപ്പുറത്തു വെച്ചിട്ടുണ്ടു്.

(സി) ഇല്ല.

(ഡി) 15,86,800 രൂപ.

(ഇ) ഹോംഗാർഡിൽ ഒരു വനിതാവിഭാഗം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടു്. തിരുവനന്തപുരത്തു് ഒരു മോട്ടോർസൈക്കിൾ യൂണിറ്റു് തുടങ്ങുന്നതിനും, എല്ലാ ഡിസ്ട്രിക്ടുകളിലേയും തെരഞ്ഞെടുക്കപ്പെട്ട വാളണ്ടിയർമാർക്കു് ഡ്രൈവിംഗ്, വയർലസ് ടെലഗ്രാഫി എന്നിവയിൽ പരിശീലനം നൽകുന്നതിനും പരിപാടിയുണ്ടു്.

ശ്രീ. എം. എം. മത്തായി : ഹോംഗാർഡിലേക്കു് യോഗ്യതയുള്ളവരെ റിക്രൂട്ടു് ചെയ്യുന്നതിനു് എന്തെങ്കിലും മുൻഗണന കൊടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : പ്രത്യേകമായ മുൻഗണനയൊന്നും കൊടുത്തിട്ടില്ല. ഇതിൽനിന്നും കിട്ടുന്ന പരിശീലനം പ്രത്യേകം ഒരു യോഗ്യതയാണല്ലോ.

ശ്രീമതി കുസുമം : സ്ത്രീ വിഭാഗത്തിനെ ഹോംഗാർഡിലേയ്ക്കു് എടുത്താൽ എന്തെല്ലാം പരിശീലനങ്ങളാണു് നൽകാൻ ഉദ്ദേശിക്കുന്നതു് ?

ശ്രീ. ആർ. ശങ്കർ : അവർക്കു് എന്തെല്ലാം പരിശീലനമാണു് കൊടുക്കേണ്ടതെന്നുള്ളതിനെപ്പറ്റി വിദഗ്ദ്ധമായ ഒരു അന്വേഷണത്തിനു ശേഷം തീരുമാനിക്കുന്നതാണു്.

---

† Put by Shri M. M. Mathai.

‡ Appendix II

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. സി. ഏബ്രഹാം : ഹോംഗാർഡിലേയ്ക്ക് ആളുകളെ തിരഞ്ഞെടുക്കുന്നത് എങ്ങനെയാണ് ?

ശ്രീ. ആർ. ശങ്കർ : പ്രത്യേകം ഒരു ചോദ്യം ചോദിക്കണം. ഇതിനു് അവിടങ്ങളിലെ കമ്മിറ്റികളെ വച്ചു് തിരഞ്ഞെടുക്കുന്നുവെന്നാണു് എന്റെ ഓർമ്മ.

ശ്രീ. സി. എം. കുട്ടി : ഹോംഗാർഡിലേക്കു് എടുക്കുന്ന സ്ത്രീവിഭാഗത്തിനു് കുടുംബാസൂത്രണ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ?

Mr. Speaker : It is a different question.

ആശുപത്രികളും ഡിസ്പെൻസറികളും

* 840. [6] † ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1964–65-ൽ ആശുപത്രികളും ഡിസ്പെൻസറികളും വികസിപ്പിക്കാൻ എത്ര രൂപ ചെലവു ചെയ്യാനാണുദ്ദേശം ;

(ബി) എറണാകുളം ജില്ലയിൽപ്പെട്ട മുളന്തുരുത്തി ഡിസ്പെൻസറിയുടെ ആവശ്യത്തിനു കൂടുതൽ സ്ഥലമെടുക്കാനുള്ള നടപടികളും ഇക്കൊല്ലം പൂർത്തിയാകുമോ :

(സി) ഇതിനുള്ള യുക അനുവദിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത ജില്ലയിലെ പൂത്തോട്ട ഡിസ്പെൻസറിയിൽ കൂടുതൽ ബെഡ്ഡുകൾ അനുവദിക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങളോ നടപടികളോ ഉണ്ടോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) മുപ്പതു് ലക്ഷത്തോളം രൂപ.

(ബി) തീർച്ച പറയാൻ നിവൃത്തിയില്ല.

(സി) ഇപ്പോഴും അനുവദിച്ചിട്ടില്ല.

(ഡി) ഇല്ല.

ശ്രീ. കെ. എം. ജോർജ്ജ് : ആയുർവ്വേദ ഡിസ്പെൻസറികളും തുടങ്ങിക്കഴിഞ്ഞു് ഇത്ര കൊല്ലം കഴിഞ്ഞാൽ അവ ആശുപത്രിയായി വികസിപ്പിക്കുന്നതാണെന്നു് ഗവണ്മെന്റിനു് ഒരു നയം ഉണ്ടെന്നറിയുന്നു. അങ്ങനെയാണെങ്കിൽ മൂവാറ്റുപുഴ താലൂക്കിൽ ഒരു ആയുർവ്വേദ ഡിസ്പെൻസറി തുടങ്ങിയിട്ടു് എട്ടുകൊല്ലത്തോളമായിയെങ്കിലും അതു് ഒരാശുപത്രിയായി വികസിപ്പിച്ചിട്ടില്ല. അവിടത്തെ ആവശ്യത്തെ പരിഗണിച്ചു് അതൊരു ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതിനു് ദയവുണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : എല്ലാ ഡിസ്പെൻസറികളും ആശുപത്രിയാക്കണമെന്നു് ഒരു പ്രത്യേക പരിപാടിയൊന്നും ഗവണ്മെന്റിനില്ല. സാധാരണ ഒരു പദ്ധതിയനുസരിച്ചു് ഒരു കൊല്ലത്തിൽ ഒരാശുപത്രിയെന്നുള്ള തോതിലാണു് പുതുതായി അനുവദിക്കുന്നതു്. വളരെ അത്യാവശ്യമെന്നു തോന്നുന്ന സ്ഥലങ്ങളിൽ ഡിസ്പെൻസറികൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികളെടുക്കും.

ശ്രീ. എം. നാരായണക്കുറുപ്പു് : കഴിഞ്ഞകൊല്ലത്തിനുമുമ്പു് ഓരോ ജില്ലയിലേയ്ക്കും രണ്ടു ഡിസ്പെൻസറികൾ വീതം, ഓരോ കൊല്ലവും ജില്ലാ വികസന കൗൺസിലുകൾ ശുപാർശ ചെയ്യുന്നതനുസരിച്ചു് ആരംഭിക്കുന്നതാണു്, ജില്ലാ വികസനകൗൺസിലുകൾ ശുപാർശ ചെയ്യുന്നതിനു് ഓരോ ലിസ്റ്റ് തയാറാക്കി ഗവണ്മെന്റിലേക്കു് സമർപ്പിച്ചിട്ടുണ്ടു്. ഇപ്പോഴാണെങ്കിൽ രണ്ടു

† Put by Shri P. C. Raghavan Nair.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II

[*Please see answer to Starred Question No.* 839 (5)]

പട്ടിക I

The Home Guards are being trained in—
Drill with and without arms, weapon training, Lathi Drill, Mob operation, Traffic Control, Ceremonial Drill, Guard and Centry duties, unarmed combat, Elementary Rescue, Fire fighting and First Aid.

They are also given lectures on—
Home Guard Act and Rules, Organisation of the Police Department, Police Beats and Patrols, Police Bandobust at fairs/Melas, Emergency Relief Organisation, Flood Control Board and such other State bodies formed to afford relief to victims of natural calamities.

പട്ടിക II

	Rs. nP.	
1960-61	84,249·00	
1961-62	3,32,903-66	
1962-63	3,38,041-89	
1963-64	10,69,443-38	(till 31-I-1964)
Total	18,24,637-93	

LIBRARY ARCHIVES Kerala Legislative Assembly